ST THOMAS FORANE PARISH BULLETIN

# സാന്തോം മെസഞ്ചർ

# SANTHOME MESSENGER

Vol: 48 / Issue: 1 March-April 2022




The Great Gift of Easter is Hope


9036377010
8951092924
L.A.K
LIZY AUNTYS
KITCHEN
CATERING,
MONTHLY MESS &
FOOD SERVICES
#15/A-31, 1ST MAIN, 2ND CROSS,
BALAJI NAGAR, BANGALORE-560029.


HAVE YOU PLANNED FOR YOUR CHILD'S FUTURE?
LOOKING FOR A MONTHLY INCOME?
Invest in mutual funds through
SWP (Systematic Withdrawal Plan)
₹1 LAKH INVESTED IS NOW WORTH ₹1.03 CRORE!!
Rs. 1 Lakh invested in HDFC Balanced Advantage Fund is now worth Rs.1.03 Cr. As on Sep 30,2021. Assuming the investment is made on February 01, 1994 (Scheme Inception date). Past performance may or may not be sustained in the future.
For more details Contact
SAVINGS RATIO
AMFI REGISTERED MUTUAL FUND DISTRIBUTOR
8147790096
savingsratio@gmail.com
www.savingsratio.com

# സാന്തോം മെസഞ്ചർ
SANTHOME MESSENGER

St Thomas Forane Church - Parish Bulletin
Dharmaram College, Bangalore - 560029

Vol: 48 / Issue: 1 / March-April 2022

CONTENTS

**വി. യൗസേപ്പിതാവ് - കുടുംബങ്ങളുടെ മധ്യസ്ഥനും, സഭയുടെ കാവൽക്കാരനും, നമ്മുടെ മാതൃകയും**
Arun Varghese Ayyamala

06





11

**തിരഞ്ഞെടുപ്പ്**
Edwin Binoy

Editorial Board

**Printed & Published by**
Rev. Fr. Cyriac Madathil CMI
Vicar, St. Thomas Forane Church
Mob. : 9605963021

**Chief Editor**
Fr Jithu Thottiyil CMI
Asst. Vicar
Mob. : 7012525386
E-mail : jithucmi@gmail.com

**Associate Editor**
Fr Lijo Thekkanathu CMI
Asst. Vicar
Mob. : 9746805457
E-mail : lijotcmi@gmail.com

**Editorial Board**
Mrs. Sweetha Mary Rejy
Mrs. Prameela Varghese
Mr. Leejoe Thomas
Mr. Denny Chacko (Trustee in Charge)
Mr. Tony Thomas

**Layout Design & Printing**
Matha Printers
Tel : 9886809060
E-mail : mathaprints@gmail.com



# ഇടയനാദം



## ഉയിർപ്പ് പുതുജീവന്റെ തിരുന്നാൾ

സഭയുടെ വിശ്വാസപാരമ്പര്യത്തിൽ പ്രധാനമായും മൂന്ന് തിരുനാളുകളാണ് ഉള്ളത്: 1) നമ്മുടെ കർത്താവിന്റെ തിരുനാളുകൾ 2) പരിശുദ്ധ അമ്മയുടെ തിരുനാളുകൾ 3) വിശുദ്ധരുടെ തിരുനാളുകൾ. ഇവയിൽ ഏറ്റം പ്രധാനപ്പെട്ടതാണ് കർത്താവിന്റെ തിരുനാളുകൾ.

നീണ്ട 50 നാൾ വലിയ നോമ്പും പീഡാനുഭവ വാരവും കഴിഞ്ഞ് യേശുവിന്റെ പുനരുത്ഥാനം അഥവാ ഉയിർപ്പ് തിരുനാൾ നാം ആചരിക്കുന്നു. ക്രൈസ്തവ വിശ്വാസത്തിന്റെ മൂലക്കല്ലാണ് യേശുവിന്റെ പുനരുത്ഥാനം.

ലോകത്തിന്റെ അറിവും ബുദ്ധിയുടെ തെളിവുമല്ല യേശുവിന്റെ ഉത്ഥാനത്തിലുള്ള വിശ്വാസത്തിൽ നമ്മെ എത്തിക്കുക. അത് സ്നേഹമാണ്. ആ സ്നേഹത്തിൽ കണ്ണുകൾ തുറക്കപ്പെടും ഹൃദയം ജ്വലിക്കും. അങ്ങനെ ഉയിർത്ത മിശിഹായെ കാണാനും പ്രഘോഷിക്കാനുമുള്ളതാണ് ഉയിർപ്പ് തിരുനാൾ.

എല്ലാവർക്കും ഉയിർപ്പ് തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

**Easter is the guarantee of our own resurrection. Jesus assured Martha at the tomb of Lazarus: “I am the resurrection and the life; Whoever believes in Me will live even though he dies” (Jn 11:25)**

**Let us celebrate Easter with pride and Jubilation. HAPPY EASTER TO ALL.**

സസ്നേഹം,

**ഫാ. സിറിയക് മാത്തിൽ സി. എം. ഐ.**

ഫൊറോന വികാരി

# Message



Dear friends in Christ,

We have come at the threshold of Easter with gratitude and hope in our hearts. This time the celebration of the Resurrection of our Lord is a celebration of hope and gratitude. We have risen from the past pandemic with a new hope and life to celebrate this Easter. In past two years of pandemic times, the situations didn't permit us to be active in the spiritual activities of the Church neither we could celebrate together the spiritual events in common. The Lord has graciously given us this time of the Lord's Resurrection with a ray of hope. Hence, with much gratitude and hope in our hearts, let us all with parents, grandparents and children come together to celebrate Easter and celebrate life in abundance that the Lord has given us. Let us rise from all our failures and struggles and celebrate Christ who is the Lord of Life.

My dear people, I wish in the Lord a truly blessed and hope filled Easter to you and all the people you love and care. The prayers we pray in liturgy from holy Saturday onwards until Easter, remind us that when all the natural lights fade, the light of Christ rises-in glory to dispel the darkness from our hearts and minds. When the new Easter candle is lit and held high, a clear statement is made by the Priest for all to hear "The light of Christ", we enter into the glorious life of Christ the Risen Lord. As the Easter liturgy invite us to experience the life and love of God wrapped together with joy, we shall remain in gratitude and be hopeful in the Living God.

Wish you all a blessed and peace filled Easter!

**Fr Lijo Thekkanath CMI**
Asst Vicar



# ഉത്ഥാനത്തിന്റെ പ്രത്യാശ

EDITORIAL

കോവിഡ് മഹാമാരിക്കുശേഷം സാന്തോം മെസഞ്ചർ വീണ്ടും ഉയിർത്തെഴുന്നേൽക്കുന്നു. പ്രത്യാശയുടെ പൊൻപ്രഭവിതറികൊണ്ട് സമാധാനത്തിന്റേയും സന്തോഷത്തിന്റേയും അലകൾ മനുഷ്യമനസ്സിലുണർത്തി ഒരു ഉയിർപ്പുതിരുന്നാൾ കൂടി ആഗതമായിരിക്കുന്നു. നോമ്പുകാലത്തിന്റെ വ്രതചര്യകളിൽ നിന്നും ദുഃഖവെള്ളിയുടെ ശോകമൂകതയിൽ നിന്നും ഉയിർപ്പുതിരുനാളിന്റെ സന്തോഷത്തിലേക്ക് നാം പ്രവേശിക്കുകയാണ്. അന്ധകാരത്തിനുമപ്പുറം പ്രകാശമുണ്ടെന്നും മരണത്തിനുമപ്പുറം ജീവിതമുണ്ടെന്നും ഈ തിരുനാൾ നമ്മെ പഠിപ്പിക്കുന്നു.

കല്ലറയിൽനിന്നും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെപ്പോലെ, കോവിഡിനുശേഷം പുതിയൊരു ജീവിതസാഹചര്യത്തിലേക്ക് ഓരോരുത്തരും ഉയിർത്തെഴുന്നേൽക്കുകയാണ്. പുത്തൻ പ്രതീക്ഷകളും പുത്തൻ തീരുമാനങ്ങളുമായി നമുക്കും കടന്നുവരാം ഉയിർപ്പിന്റെ സന്തോഷത്തിലേക്ക്. കർത്താവിന്റെ മരണത്തോടെ തകർന്നത് ശിഷ്യന്മാരുടെ സ്വപ്നങ്ങളും പ്രതീക്ഷകളുമായിരുന്നു. നഷ്ടസ്വപ്നങ്ങളുടെ ശവകുടീരമായിരുന്നു അത്. പഴയ ഓർമ്മകൾ ഓർത്തെടുത്ത് വീണ്ടും വിങ്ങിപ്പൊട്ടാൻ ഓടിയെത്തിയ മഗ്ദലന മറിയത്തിനുമുമ്പിൽ ശൂന്യമായ കല്ലറയാണ് കാത്തിരുന്നത്. ആ ശൂന്യമായ കല്ലറ ഒരു ഉത്തരവും വെളിപ്പെടുത്തലുമായിരുന്നു. എല്ലാ ദുഃഖങ്ങൾക്കും നിരാശകൾക്കും അറുതികുറിച്ചുകൊണ്ട് അവൻ ഉത്ഥാനം ചെയ്തിരിക്കുന്നു. എല്ലാം അവസാനിച്ചു എന്നു കരുതി നിരാശയുടെ ശവകുടീരങ്ങൾക്ക് മുന്നിൽ കുമ്പിട്ട് ഇരിക്കുന്നവരോട് കർത്താവ് പറയുകയാണ് ഉത്ഥാനത്തിന്റെ പ്രത്യാശയിലേക്ക് കണ്ണുകൾ ഉയർത്തുവിൻ. ജീവിതം കാൽവരിയുടെ ദുഃഖപാരമ്യങ്ങളിലോ കല്ലറയുടെ ശൂന്യതയിലോ അവസാനിക്കുവാനുള്ളതല്ല എന്ന പ്രത്യാശയുടെ സന്ദേശം ഒരിക്കൽകൂടി ഈ ഈസ്റ്റർ ദിനം നമുക്ക് നൽകുകയാണ്. ഉത്ഥാനത്തിരുനാളിന്റെ മംഗളങ്ങൾ സ്നേഹത്തോടെ പരസ്പരം നമുക്ക് ആശംസിക്കാം.



**Fr Jithu Thottiyil CMI**
Asst Vicar



# ഉയിർപ്പിന്റെ ഉറപ്പ്

യേശു ഉയിർത്തതിന് എന്താണ് തെളിവ്? യേശു ഉത്ഥാനം ചെയ്തത് ആരെങ്കിലും നേരിൽ കണ്ടിട്ടുണ്ടോ? ഈ രണ്ടു ചോദ്യങ്ങൾക്കുള്ള തൃപ്തികരമായ ഉത്തരത്തിനായി കാത്തിരുന്നപ്പോഴാണ് ബഹു. ഡാനിയേൽ പൂവണ്ണത്തിലച്ചന്റെ ഒരു ഈസ്റ്റർ സന്ദേശം കേൾക്കാനിടയായത്. ലൂക്കാ സുവിശേഷം 24-ാം അദ്ധ്യായത്തിന്റെ അഞ്ചാം വാക്യം ഇപ്രകാരമാണ്. "അവർ ഭയപ്പെട്ട് മുഖം കുനിച്ചു. അപ്പോൾ അവർ അവരോട് പറഞ്ഞു: ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെയിടയിൽ അന്വേഷിക്കുന്നത് എന്തിന്? അവൻ ഇവിടെയില്ല, ഉയിർപ്പിക്കപ്പെട്ടു".

സത്യത്തിൽ യേശുവിന്റെ പുനരുത്ഥാനം ആരും നേരിട്ട് കണ്ടതായി രേഖകളില്ല. അതുകൊണ്ട് തന്നെ യേശുവിന്റെ ഉത്ഥാനം ഒരു കെട്ടുകഥയാണെന്ന് സ്ഥാപിക്കാൻ അനേകർ പരിശ്രമിച്ചിട്ടുണ്ട്. അങ്ങനെ വിശ്വസിക്കുന്നവരും അത് പ്രചരിപ്പിക്കുന്നവരും ഉണ്ട്. യേശുവിന്റെ ഉത്ഥാനം ആരും നേരിട്ട് കണ്ടിട്ടില്ലെന്ന യാഥാർത്ഥ്യം നിലനിൽക്കുമ്പോൾ എന്തുകൊണ്ടാണ് ക്രൈസ്തവലോകം യേശുവിന്റെ ഉയിർപ്പിനെ വിശ്വസിക്കുകയും സ്വീകരിക്കുകയും ഏറ്റെടുക്കുകയും ചെയ്യുന്നത്.? എന്താണ് യേശു ഉയിർത്തു എന്നതിന് നമുക്കു ചൂണ്ടിക്കാണിക്കാനുള്ളത്?

യേശു ഉയിർത്തെഴുന്നേറ്റു എന്നുള്ളതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവ് യേശുവിന്റെ ഒഴിഞ്ഞ കല്ലറയോ, യേശുവിന്റെ മൃതദേഹം ആരും കണ്ടെത്തിയിട്ടില്ല എന്നതോ, കല്ലറയുടെ മുമ്പിലുള്ള ഭാരമുള്ള കല്ല് ആരോ ഉരുട്ടി മാറ്റി എന്നതോ ഒന്നുമല്ല. യേശു ഉയിർത്തെഴുന്നേറ്റു എന്നതിന്റെ ഏറ്റവും വലിയ തെളിവ് യേശുവിനുവേണ്ടി മരിക്കാൻ തയ്യാറായ പതിനായിരങ്ങളാണ്. ഒരു കെട്ടുകഥയ്ക്കുവേണ്ടി ആരും മരിക്കാൻ തയ്യാറാവില്ല. പ്രത്യേകിച്ചും പൗലോസിനെപ്പോലെ, അക്കാലത്ത് യഹൂദമതത്തിലെ ഏറ്റവും പാണ്ഡിത്യമുള്ള അറിയപ്പെടുന്ന ഒരാൾ! അതുപോലുള്ള അനേകം ആയിരങ്ങൾ ആരുടെയോ ഭാവനയിൽ മെനെഞ്ഞെടുത്ത ഒരു കൽപ്പിതകഥയ്ക്കുവേണ്ടി അലറി വിളിക്കുന്ന സിംഹങ്ങളുടെ നടുവിലേയ്ക്ക് വലിച്ചെറിയപ്പെടാൻ തയ്യാറാകുമോ? റോമിന്റെ തെരുവീഥികളിൽ വഴിവിളക്കുകളായി സ്വയം കത്താൻ ആരെങ്കിലും സമ്മതിക്കുമോ? കോളൊസിയങ്ങളിൽ ആർത്തു വിളിക്കുന്ന ആയിരങ്ങളുടെ നടുവിൽ വന്യമൃഗങ്ങളാൽ വലിച്ചു കീറപ്പെടാനും തലകീഴായി ക്രൂശിക്കപ്പെടുവാനും, വാൾ മുനത്തുമ്പിൽ പ്രാണനെ വിട്ടുകൊടുക്കാനുമൊക്കെ പതിനായിരങ്ങൾ തയ്യാറായത്, ഇന്നും സഭയുടെ ചരിത്രത്തിൽ നിലയ്ക്കാത്ത രക്തസാക്ഷിത്വത്തിന്റെ ചോരപ്പാടുകൾ നിറഞ്ഞു നിൽക്കുന്നത് യേശു ഉയിർത്തെഴുന്നേറ്റു എന്നതിന്റെ സജീവമായ തെളിവാണ്.

ഇന്നും യേശുവിനുവേണ്ടി ജീവിക്കാനും മരിക്കാനും തയ്യാറാകുന്നവർ, യേശുവിനെ നേടാനായി വിലപ്പെട്ടതെല്ലാം ഉപേക്ഷിക്കാൻ തയ്യാറാകുന്നവർ - അവരാണ് യേശു ഉയിർത്തെഴുന്നേറ്റു, ആ ഉയിർത്തെഴുന്നേറ്റ യേശു ഇന്നും ജീവിക്കുന്നു എന്നതിന്റെ ഏറ്റവും ശക്തമായ തെളിവ്. ഉത്ഥിതനായ യേശു നമ്മോടൊപ്പം നമുക്കിടയിൽ ജീവിക്കുന്നു, നമ്മെ അവൻ കാണുന്നുണ്ട്, രക്ഷിക്കുന്നുണ്ട്, കൈപിടിച്ച് ഉയിർത്തുന്നുണ്ട്. നമ്മുടെ നിലവിളികൾക്കിന്നും ഉത്തരമുണ്ട്. ഉത്ഥിതനായ യേശുവിന്റെ ജീവിക്കുന്ന ഈ സാന്നിദ്ധ്യമാണ് അവിടുത്തെ ഉയിർപ്പിന്റെ ഏറ്റവും വലിയ തെളിവ്.

ഇടവക കുടുംബത്തിലെ എല്ലാവർക്കും ഞങ്ങളുടെ ഈസ്റ്റർ ആശംസകൾ!

സസ്നേഹം,

സ്വന്തം ട്രിസ്റ്റിമാർ


Mr Joy Kottackal (Chief Trustee)


Mr Denny M Chacko (Trustee)


Mr Babu Zacharia (Trustee)


Mr Antony Pothalil (Trustee)


Mr Rolly Jacob (Trustee)


Mr V. K. Joseph (Trustee)



# വി. യൗസേപ്പിതാവ് - കുടുംബങ്ങളുടെ മധ്യസ്ഥനും, സഭയുടെ കാവൽക്കാരനും, നമ്മുടെ മാതൃകയും



**Arun Varghese Ayyamala**

''ജോസഫ് നിദ്രയിൽ നിന്നുണർന്ന് കർത്താവിന്റെ ദൂതൻ കൽപിച്ചതുപോലെ പ്രവർത്തിച്ചു'' (മത്താ. 1:24)

തിരുസഭയുടെ കാവൽക്കാരനും നമ്മുടെ കുടുംബങ്ങളുടെ മധ്യസ്ഥനുമായ വി. യൗസേപ്പിതാവിന്റെ ജീവിതം ക്രൈസ്തവരായ നമുക്ക് ഒരു പാഠപുസ്തകമാണ്. വിശ്വാസ ജീവിതത്തിൽ അടിയുറച്ച് വളർന്ന് ക്രിസ്തുവിന് സാക്ഷികളായി ജീവിക്കാൻ വി. യൗസേപ്പിതാവിന്റെ ജീവിതത്തിലൂടെയുള്ള പ്രയാണം നമ്മെ സഹായിക്കും.

പലവിധ പ്രതിസന്ധി ഘട്ടങ്ങളിലൂടെയാണ് നമ്മുടെ പലകുടുംബങ്ങളും ഇന്ന് കടന്ന് പോകുന്നത്. സ്വന്തം മക്കളേയും ഭർത്താവിനേയും ഉപേക്ഷിച്ച് കാമുകനൊപ്പം പോകുന്ന അമ്മ. സ്വന്തം ഭാര്യയേയും മക്കളേയും വിഷം കൊടുത്ത് കൊല്ലുന്ന അപ്പൻ. വളർത്തി വലുതാക്കിയ മാതാപിതാക്കളെ ഉപേക്ഷിച്ച് സ്വന്തം ഇഷ്ടപ്രകാരം വീട് വിട്ടിറങ്ങുന്ന മക്കൾ. ഇത്തരം ദുഃഖകരമായ അവസ്ഥകളിൽ നമുക്ക് തിരുക്കുടുംബത്തിന്റെ നാഥനും സംരക്ഷകനും കാവൽക്കാരനുമായ വി യൗസേപ്പിതാവിന് ഭരമേൽപ്പിക്കാം. തന്റെ ഗർഭിണിയായ ഭാര്യയെ വിഷമകരമായ ഘട്ടങ്ങളിലൂടെ സംരക്ഷിച്ച് ബത്‌ലഹേമിൽ എത്തിച്ച് അവിടുത്തെ മിതമായ സാഹചര്യങ്ങളിൽ ലോകരക്ഷകന് പിറവിയെടുക്കുവാൻ വേണ്ട എല്ലാ ഒരുക്കങ്ങളും ചെയ്ത നല്ല ഭർത്താവ്. താൻ വിവാഹം

കഴിക്കാൻ പോകുന്ന യുവതി ഗർഭിണിയാണെന്നറിഞ്ഞപ്പോൾ രഹസ്യത്തിൽ അവളെ ഉപേക്ഷിക്കാൻ തീരുമാനിക്കുകയും പിന്നീട് ദൈവസ്വരത്തിന് കീഴ്‌വഴങ്ങി അവളെ സ്വീകരിക്കുകയും ചെയ്ത് സ്ത്രീത്വത്തെ ബഹുമാനിക്കുകയും, കുടുംബബന്ധങ്ങളുടെ കെട്ടുറപ്പ് കാത്തുസൂക്ഷിക്കുകയും ചെയ്ത നീതിമാൻ. ഉണ്ണിയേശുവിനെ ഹേറോദോസിന്റെ കൈകളിൽ നിന്ന് രക്ഷിക്കാൻ ഈജിപ്തിലേക്ക് പലായനം ചെയ്യുകയും പിന്നീട് നസ്രത്തിൽ എത്തി യേശുവിനെ പരിപാലിച്ച് ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടേയും പ്രീതിയിലും വളർത്തി (ലൂക്കാ 2:52) വലുതാക്കിയ നല്ല പിതാവിനെ നമ്മുടെ കുടുംബങ്ങളുടെയും സംരക്ഷണം നമുക്ക് ഭരമേൽപ്പിക്കാം.

വി. യൗസേപ്പിതാവ് തിരുസ്സഭയുടെ മധ്യസ്ഥനും കാവൽക്കാരനുമാണ്. ഈ ആധുനിക കാലഘട്ടത്തിൽ സമൂഹത്തിന്റെ പല കോണുകളിൽ നിന്നും ക്രൈസ്തവസഭയ്ക്കെതിരെ കറുത്ത കരങ്ങൾ ഉയർന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ അഭിഷിക്തരുടെ വീഴ്ച്ചകൾ ദൃശ്യമാധ്യമങ്ങളിലൂടെ, സാത്താൻസേവ മുതലായ പൈശാചിക സംഘടനകൾ; നമ്മുടെ മക്കളെ വഴിതെറ്റിച്ച് കടത്തിക്കൊണ്ടുപോകുന്ന ജിഹാദികൾ, പണം ഇറക്കിക്കൊണ്ട് തന്നെ ക്രിസ്ത്യാനികൾക്കെതിരെ പ്രവർത്തിക്കുന്ന സംഘടിത ശക്തികൾ തുടങ്ങി പല കോണുകളിൽ നിന്നും നമ്മെ ആക്രമിക്കാൻ ഒന്നിച്ചുകൂടുന്ന ശക്തികൾ നമ്മെ വേട്ടയാടുന്നുണ്ട്. നമ്മെ ആക്രമിക്കാൻ അവർ തിരഞ്ഞെടുത്ത ഏറ്റവും വലിയ മാർഗ്ഗം നമ്മുടെ അഭിഷിക്തർക്കെതിരെ ശബ്ദമുയർത്തുക എന്നതാണ്. മാനുഷിക ദൗർബല്യമുള്ള പച്ചയായ മനുഷ്യർ ആണ് പുരോഹിതരും. അവരിൽ ചിലർക്കെങ്കിലും വന്നുപോകുന്ന ചില പിഴവുകളെ പർവതീകരിച്ച് നമുക്ക് ഉതപ്പ് ഉണ്ടാക്കി നമ്മെ വിശ്വാസത്തിൽ നിന്ന് പിന്തിരിക്കുക എന്നതാണ് അവരുടെ ലക്ഷ്യം. ഒപ്പം സിനിമകളിലൂടെ ഒക്കെ ഈ അദൃശ്യ സംഘടനകളുടെ കാഴ്ചപ്പാടുകൾ പ്രചരിപ്പിക്കാനുള്ള ശ്രമങ്ങളും നടന്നുവരുന്നുണ്ട്. ഇതിനൊടൊപ്പം കോവിഡ് എന്ന മഹാമാരി നമ്മുടെ വിശ്വാസ ജീവിതങ്ങൾക്ക് ഒരു വിപത്തായി മാറിയിരിക്കുകയാണ്. യൂറോപ്പിലും അമേരിക്കയിലും വിശ്വാസം ക്ഷയിച്ചതുപോലെ നമ്മുടെ ഇന്ത്യയിലും വിശ്വാസം ക്ഷയിക്കാനുള്ള സാഹചര്യങ്ങളാണ് ഇപ്പോൾ ഉരുത്തിരിഞ്ഞ് വന്നിരിക്കുന്നത്. എല്ലാ പ്രതിസന്ധികളിലും മാതാവിനെയും ഉണ്ണിയേശുവിനേയും കാത്ത് സംരക്ഷിച്ച വി. യൗസേപ്പിതാവിന് നമ്മുടെ തിരുസ്സഭയെ പ്രത്യേകമാംവിധം ഭരമേൽപ്പിച്ച് മാധ്യസ്ഥ്യം തേടി പ്രാർത്ഥിക്കേണ്ട നാളുകളാണിത്. നമുക്ക് യൗസേപ്പിതാവ് വഴി കർത്താവിലേക്ക് നമ്മുടെ തിരുസ്സഭയെ സമർപ്പിക്കാം.

ഇതൊടൊപ്പം നമ്മുടെ വ്യക്തി ജീവിതങ്ങൾ മനോഹരമായി പടുത്തുയർത്താനും വി. യൗസേപ്പിതാവിൽ വിളങ്ങിയിരുന്ന പലപുണ്യങ്ങളും നമുക്ക് മാതൃകയാക്കാവുന്നതാണ്. ദൈവസ്വരത്തിന് കീഴ്‌വഴങ്ങിയ അടിയുറച്ച വിശ്വാസവും അനുസരണയും, മാതാവിനെയും ഉണ്ണിയേശുവിനേയും സംരക്ഷിച്ച കരുതലും സ്നേഹവും, സുവിശേഷത്തിൽ കാണപ്പെടുന്ന നിശബ്ദസാന്നിധ്യം, സ്വഭാവസവിശേഷതയായി നമുക്ക് മനസ്സിലാകുന്ന നീതിമാനായ വ്യക്തിത്വം, എല്ലാ തൊഴിലിനും മഹത്വമുണ്ടെന്ന് നമ്മെ ബോധ്യപ്പെടുത്തിയ തൊഴിലാളി, ഇങ്ങനെ പുണ്യങ്ങളുടെ ഘോഷയാത്രയാണ് വി. യൗസേപ്പിതാവിന്റെ ജീവിതം. ഈ ജീവിതം നമുക്ക് മാതൃകയാക്കി വിശുദ്ധരായി ജീവിക്കാൻ പരിശ്രമിക്കാം.

ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ക്രൈസ്തവ സഭാംഗങ്ങളായ നാം ഏറ്റവും കൂടുതൽ മാധ്യസ്ഥ്യം യാചിക്കേണ്ട വിശുദ്ധനാണ് നമ്മുടെ എല്ലാം പിതാവായ വി. യൗസേപ്പിതാവ്. നമ്മുടെ കുടുംബങ്ങളേയും തിരുസഭ മുഴുവനേയും അവിടുത്തെ സംരക്ഷണത്തിനായി നമുക്ക് ഭരമേൽപ്പിക്കാം. യൗസേപ്പിതാവ് നിദ്രയിൽ നിന്നുണർന്ന് കർത്താവിന്റെ ദൂതൻ കൽപ്പിച്ചതുപോലെ പ്രവർത്തിച്ചത് മാതൃകയാക്കിക്കൊണ്ട് നമുക്കും ദൈവഹിതത്തിനായി കാതോർക്കാം. അവിടുത്തെ കൽപനയനുസരിച്ച് വിശുദ്ധജീവിതം നയിച്ച് വി. യൗസേപ്പിതാവിനെപ്പോലെ നമ്മുടെ സഭയുടെ കാവൽക്കാരും സംരക്ഷകരുമായി മാറി നമുക്ക് നമ്മുടെ വിശ്വാസദീപ്തി കെടാതെ കാത്തുസൂക്ഷിക്കാം.

"Teach us to give and not count the cost." St. Ignatius de Loyola

## Knit one, pray too!

At St.Giles parish in Illinois, the 'Prayer Shawl Ministry' is a blessing to many. The Prayer Shawl Ministry began as a parish outreach; now the handcrafted items have been sent to most of the states in the U.S., and countries in South America, the Caribbean, Europe and Africa. The approximately 30 members do exactly what you would think: They knit and crochet shawls for those who are in need of comfort and healing. There are no limits to the requests for the loving warmth of a shawl. And there are no limits as to what is created. Besides shawls and lap blankets, small pocket-size crosses, scarves and hats are made with the sole intention of bringing healing and prayers to the recipients.

The items themselves are lovely and varied in styles and colors; however, the most important gift to the receiver is the prayers that are offered for each and every person who receives the items. No matter the weather, COVID-19, members passing to God, the shawls and blankets keep coming.

## Pioneer of faith-based feminism and WWII priest to be beatified in April

A pioneer of faith-based feminism and a Catholic priest who ministered tirelessly during the Second World War will be beatified in April. Cardinal Marcello Semeraro, prefect of the Congregation for the Causes of Saints, will preside at the beatification of Armida Barelli and Fr. Mario Ciceri at Milan Cathedral, northern Italy, on April 30, 2022.

Born to an upper-class family in Milan in 1882, helped women to be formed in "a Eucharistic spirituality" and recognize their equal "baptismal dignity" with men. Under the spiritual guidance of Franciscan Fr. Agostino Gemelli, Barelli discerned a lay vocation as a Third Order Franciscan in 1910. Barelli went on to help found the Catholic University of the Sacred Heart in Milan, collected a fund to open an orphanage in northern China, and founded the Secular Institute of the Missionaries of the Kingship of Christ together with Fr. Gemelli.

Ciceri cared for and encouraged the poor, the sick, former prisoners, and the young men who were soldiers fighting at the front during World War II. In February 1945, while riding his bicycle home from a neighboring parish, where he had helped to hear confessions, he was hit by a buggy and fatally injured. He died two months later, on April 4, at the age of 44, after offering his suffering for an end to World War II and the safe return of soldiers.

## Pope Francis wants us to do this when we give to the poor

When you give material help to someone in need, do not be afraid to get close and to look the person in the eyes, Pope Francis said on March 26.

"Do not remain at the balcony, do not observe with detachment, but approach, bend down, touch with your hand. Touching with our hands humanizes us. If you are able to touch, to look in the eyes, it is beautiful like that," Francis explained, adding that it is important not to remain aloof and indifferent, but to approach people and care for them in their humanity.

"Every time we approach a person with charity, with love, we restore his dignity. The dignity of Christ, who comes with our gesture of charity," he said.

## Indian youth gathering promotes interfaith harmony

A Catholic initiative has brought together university students from different religions to help them deepen their respect for other faiths amid the growing intolerance of religious minorities in India. Some 60 young people from Hindu, Christian and Sikh backgrounds attended the youth program called Yuva Sadbhav (Youth Harmony) organized by the Pilar Pilgrim Centre in Goa, southwest India, on March 26-27.

"The program enabled us to build friendship and understanding," said Elaine Coelho, a Catholic from Nirmala Institute of Education in Goan capital Panjim.

The youth program seeks to create "interreligious awareness and help them overcome prejudices" about religions, said Father Lawrence Fernandes, director of Pilar Pilgrim Centre. The program concluded with a prayer meeting participated by representatives from six different religious traditions: Hindu, Sikh, Christian, Muslim, Jain, and Buddhist.

# DIOCESE NEWS

SAMARITANS OF MANDYA
A Mandya Diocese Initiative

### എന്താണ് ഗുഡ് സമരിറ്റൻ മിനിസ്ട്രി? എന്തിനാണ് ഗുഡ് സമരിറ്റൻ മിനിസ്ട്രി?

നമ്മുടെ രൂപതാംഗങ്ങൾക്ക് ഒരു റോഡപകടം സംഭവിച്ചാൽ, ഒറ്റക്ക് താമസിക്കുന്ന വൃദ്ധരുടേയോ സ്ത്രീകളുടെയോ യാത്രയിലായിരിക്കുന്ന പെൺകുട്ടികളുടേയോ നേർക്ക് ആക്രമണം ഉണ്ടായാൽ, പെട്ടെന്ന് ഒരു മെഡിക്കൽ എമർജൻസി വന്നാൽ, ആംബുലൻസ്സേവനംആവശ്യമായിവരുമ്പോൾ,ഹോസ്പിറ്റലിൽ അഡ്മിഷൻ കിട്ടാതെ ബുദ്ധിമുട്ട് നേരിട്ടാൽ, മരുന്നിന് പണമില്ലാതെ ബുദ്ധിമുട്ടുമ്പോൾ ചെറിയ ഒരു സഹായമാകാൻ, ചികിത്സക്കാവശ്യമായ രക്തം സംഘടിപ്പിക്കാൻ കഴിയാതെ വന്നാൽ, മറ്റു രൂപതകളിൽ നിന്നുള്ളവർക്ക് നമ്മുടെ രൂപതാ പരിധിയിൽ സാധ്യമായ സഹായം നല്കുക എന്നിങ്ങനെ നമ്മുടെ കുടുംബങ്ങൾ, യുവജനങ്ങൾ, വിദ്യാർഥികൾ, മറ്റു രൂപതാംഗങ്ങൾ എന്നിവരുടെ ജീവിതത്തിൽ ആകസ്മികമായി കടന്നു വരുന്ന പ്രതിസന്ധികളിൽ ഒരു മൊബൈൽ ആപ്പ് റിക്വസ്റ്റ് അകലത്തിൽ, ഒരു ഫോൺ വിളിപ്പാടകലെ അതിവേഗത്തിൽ സേവനം ലഭ്യമാക്കുക, അവരുടെ കൂടെ ആയിരിക്കുക എന്നതാണ് നമ്മുടെ രൂപതാംഗങ്ങളുടെ തന്നെ കൂട്ടായ്മയായ സമരിറ്റൻ മിനിസ്ട്രിയുടെ ലക്ഷ്യം.

### എങ്ങിനെയാണ് ഗുഡ് സമരിറ്റൻ മിനിസ്ട്രി പ്രവർത്തിക്കുന്നത് ?

രൂപതാ കച്ചേരിയുടെ നേരിട്ടുള്ള നിർദ്ദേശപ്രകാരം പ്രവർത്തിക്കുന്ന രൂപതാ സമിതിയിൽ ചാൻസലർ ജോമോൻ കോലഞ്ചേരിയച്ചൻ (ഡയറക്ടർ), പ്രൊക്യുറേറ്റർ സജി പരിയപ്പനാലച്ചൻ (അസോസിയേറ്റ് ഡയറക്ടർ), ശ്രീ ജോമോൻ സ്റ്റീഫൻ (കോഓർഡിനേറ്റർ), പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മാത്യു മാമ്പ്ര, ഫൊറോനാ കോഓർഡിനേറ്റേഴ്സ് എന്നിവരടക്കം 15 അംഗങ്ങൾ ഉണ്ട്. ഫൊറോനാ കോ–ഓർഡിനേറ്റേഴ്സിന്റെ നേതൃത്വത്തിൽ അതാതു ഫൊറോനകളിലെ ഇടവകകളിൽ നിന്നുമുള്ള പാരിഷ് കോ–ഓർഡിനേറ്റേഴ്സ് വഴി വികാരിയച്ചന്റെ അനുവാദത്തോടെ സേവനം ആവശ്യമുള്ളവരെ കണ്ടെത്തുകയും സേവനങ്ങൾ ലഭ്യമാക്കുകയും ഭവന സന്ദർശനങ്ങൾ ക്രമീകരിക്കുകയും ചെയ്യുന്നു.

മഡിവാളയിലുള്ള SD സന്യാസിനി സമൂഹത്തിലെ സി. റോസ്നയും സി. ശാന്തിനിയുമാണ് ഫുൾ ടൈം സേവനത്തിനായി ഇപ്പോൾ നമ്മുടെ ടീമിൽ ശുശ്രൂഷ ചെയ്യുന്നത്.

### നമ്മുടെ സ്വന്തം മൊബൈൽ ആപ്പ്

രൂപതക്ക് വേണ്ടി സ്വന്തമായി ഡെവലപ്പ് ചെയ്തിട്ടുള്ള സമരിറ്റൻസ് ഓഫ് മണ്ഡ്യ എന്ന മൊബൈൽ ആപ്പ് വഴിയാണ് ഈ സേവനങ്ങൾ രൂപതാംഗങ്ങൾക്കു ലഭ്യമാകുന്നത്. റിക്വസ്റ്റ് അയക്കുന്ന ആളിന്റെ ലൊക്കേഷൻ മനസിലാക്കി അപകടത്തിൽപ്പെടുന്ന ആൾ അപ്പോൾ ഉള്ള ലൊക്കേഷന്റെ അടുത്തുള്ള മൂന്ന് പള്ളികളിലെ സമരിറ്റൻസ് വോളന്റിയേഴ്സിനും റിക്വസ്റ്റ് അയക്കുന്ന ആളുടെ സ്വന്തം പാരിഷ് സമരിറ്റൻസ് വോളന്റിയേഴ്സിനും രൂപതാ ടീമിനും ഉടൻ നോട്ടിഫിക്കേഷൻ ലഭിക്കും. റിക്വസ്റ്റ് ലഭിച്ചാൽ സേവനത്തിന് എത്തുന്ന അംഗീകൃത വോളന്റിയറുടെ വിശദാംശങ്ങൾ റിക്വസ്റ്റ് അയച്ച വ്യക്തിക്കും സെൻട്രൽ ടീമിനും കിട്ടും. ആ റിക്വസ്റ്റ് പൂർത്തിയാകുന്നത് വരെ വോളന്റിയേഴ്സിനും റിക്വസ്റ്റ് അയച്ച ആളിനും രൂപതാ ടീമിനും തൽസമയ വിവരങ്ങൾ കൈമാറുന്നതിനും കാണുന്നതിനും ആപ്പിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

### ഗുഡ് സമരിറ്റൻസ് ഫാമിലി / യൂത്ത് കെയർ കാർഡ്

രൂപതയിലെ എല്ലാ കുടുംബങ്ങൾക്കും പാരിഷ് അടിസ്ഥാനമാക്കി പ്രത്യേക ഐഡി നമ്പർ ഉള്ള ഒരു സമരിറ്റൻസ് ഫാമിലി/യൂത്ത് കെയർ കാർഡ് നൽകും. ഈ കാർഡിൽ മേൽപ്പറഞ്ഞ എല്ലാ സേവനങ്ങൾക്കുമായി ബന്ധപ്പെടേണ്ട ഒരു ഫോൺ നമ്പർ ഉണ്ടായിരിക്കും. കുടുംബ നാഥന്റെയോ നാഥയുടെയോ പേരിലുള്ള സ്മാർട്ട് ഫോൺ നമ്പറിലായിരിക്കും ഈ കാർഡ് ഇഷ്യൂ ചെയ്യുക. കാർഡിൽ ഉള്ള ക്യു ആർ

> "I am not capable of doing big things, but I want to do everything, even the smallest things, for the greater glory of God." -
> St. Dominic Savio

കോഡ് വഴി കുടുംബത്തിലെ ഓരോ അംഗത്തിനും നമ്മുടെ മൊബൈൽ ആപ്പ് ഇൻസ്റ്റാൾ ചെയ്യാവുന്നതാണ്. ഈ ഫാമിലി/യൂത്ത് കെയർ കാർഡ് ഐഡി നമ്പർ വഴി ആയിരിക്കും സമരിറ്റൻ മിനിസ്ട്രിയുടെ സേവനങ്ങൾ ലഭ്യമാക്കുന്നതിനു മുൻപുള്ള വെരിഫിക്കേഷൻ നടത്തുക.

## വിശപ്പിന്റെ വർഷം 2022–2023

2022 ഏപ്രിൽ 3ന് ആരംഭിച്ച് 2023 ഈസ്റ്റർ ഞായറാഴ്ച വരെയുള്ള വർഷം മണ്ഡ്യ രൂപത, വിശപ്പിന്റെ വർഷമായി ആചരിക്കുന്നതാണെന്ന് രൂപതാധ്യക്ഷൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഇടയലേഖനത്തിലൂടെ അറിയിച്ചു. വലിയൊരു നഗരവും ധാരാളം ഗ്രാമപ്രദേശങ്ങളും ഉൾക്കൊള്ളുന്ന മണ്ഡ്യ രൂപതയിൽ, വിശപ്പിന്റെ കരാളഹസ്തങ്ങൾ മനുഷ്യജീവിതങ്ങളെ കാർന്നുതിന്നുന്നു എന്ന തിരിച്ചറിവാണ് ഇങ്ങനെയൊരു വർഷം ആചരിക്കുവാൻ ഉൾവെളിച്ചമേകിയത്.

ഏപ്രിൽ 3ന് ഞായറാഴ്ച മണ്ഡ്യ രൂപതയിലെ എല്ലാ ഇടവകകളിലും സമർപ്പിത സമൂഹങ്ങളിലും ദിവ്യകാരുണ്യ സെന്ററുകളിലും മിഷൻ സെന്ററുകളിലും വിശപ്പിന്റെ വർഷം വി. കുർബാനയോടനുബന്ധിച്ച് തിരിതെളിച്ച് ഉദ്ഘാടനം ചെയ്തു. വിശപ്പിന്റെ വർഷം രൂപതാ തലത്തിൽ ഔദ്യോഗികമായി ബാംഗ്ലൂരിലെ ഹുളിമാവ് സാന്തോം പള്ളിയിൽ വച്ച് വലിയ തിരി കത്തിച്ച് ഉദ്ഘാടനം ചെയ്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ ഈ മെഗാ കാൻഡിൽ ഏപ്രിൽ 10 മുതൽ ഓരോ ഇടവകകളിലേക്കും ആഘോഷമായി കൊണ്ടുപോകും. ഞായറാഴ്ചകളിലെ പ്രധാന വി. കുർബാന മധ്യേ ഈ മെഗാ കാൻഡിൽ പ്രദക്ഷിണമായി പള്ളിയിലേക്കു കൊണ്ടുവരികയും പ്രാർത്ഥനയോടെ ഒരാഴ്ചക്കാലം ആ പള്ളിയിൽ വച്ചതിനു ശേഷം അടുത്ത ഞായറാഴ്ച അടുത്ത പള്ളിയിലേക്ക് ആഘോഷമായി കൊണ്ടു പോവുകയും ചെയ്യും.




ദിവ്യകാരുണ്യ സമൂഹത്തിന്റെ ചാലകശക്തി എന്നു പറയുന്നത്, വിശക്കുന്നവന് അന്നം വിളമ്പുവാനുള്ള നമ്മുടെ ഉത്തരവാദിത്വമാണെന്ന് സെബാസ്റ്റ്യൻ പിതാവ് ഇടയലേഖനത്തിൽ സൂചിപ്പിച്ചു.

## ഉയിർപ്പ് ഗീതം (സുറിയാനി)



ഫാ. സിറിയക് മഠത്തിൽ സി.എം.ഐ. യുടെ നേതൃത്വത്തിൽ സീറോ മലബാർ സഭയിൽ ആദ്യമായി സുറിയാനി ഭാഷയിൽ Easter Song പുറത്തിറങ്ങി. ഇതിന്റെ Lyrics എഴുതിയിരിക്കുന്നത് ഫാ. സിറിയക് മഠത്തിൽ സി.എം.ഐ., ബ്രദർ തോമസ് കാപ്പിൽ പുതുശ്ശേരിൽ, റിഥിൻ ചിലമ്പാട്ടുശ്ശേരിൽ, സംഗീതം നൽകിയിരിക്കുന്നത് ഫാ. ജോസഫ് ജെ. പാലയ്ക്കൽ സി.എം.ഐ. ഗാനാലാപനം നടത്തിയിരിക്കുന്നത് ബ്രദർ ജോബി വടയാട്ടുകുഴി സി.എം.ഐ.. ഏപ്രിൽ 10 ഓശാനദിനത്തിൽ അസി. വികാരി ബഹു. ലിജോ തേക്കാനത്ത് അച്ചൻ രൂപതാ ചാൻസലർ ജോമോൻ കോലഞ്ചേരി അച്ചന് പ്രതീകാത്മകമായി സി.ഡി. നൽകികൊണ്ട് ഓഡിയോ പ്രകാശനം ചെയ്തു.



# തിരഞ്ഞെടുപ്പ്



എഡ്വിൻ ബിനോയി

ജീവിതത്തിന്റെ എല്ലാ അദ്ധ്യായങ്ങളിലും ഓരോ തിരഞ്ഞെടുപ്പുകളുണ്ട്. അനുയോജ്യമായതിനെ, പ്രാപ്തമായതിനെ പുൽകാനുള്ള തിരഞ്ഞെടുപ്പ്.

ഭരണകൂടത്തെ നിലനിർത്തുന്നതും, നയിക്കുന്നതും വ്യവസ്ഥാപിതമാക്കുന്നതും ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളായിരിക്കും. ഒരു തിരഞ്ഞെടുപ്പ് എല്ലായ്പ്പോഴും അത്യന്താപേക്ഷിതമാണ്. വി. ഗ്രന്ഥത്തിലെ അദ്ധ്യായങ്ങളിലൂടെ ഒരു വിശദമായ വിശുദ്ധ പാരായണം നടത്തുമ്പോൾ ചില മുഖങ്ങൾ കാണാം, ദൈവത്തിന്റെ ചില തിരഞ്ഞെടുപ്പുകൾ.

വി. ഗ്രന്ഥത്തിലെ ആദ്യത്തെ എഞ്ചിനീയർ 'നോഹ'. പാപത്തിൽപ്പെട്ട മനുഷ്യരെകൊണ്ട് പാടുപെട്ട ദൈവം പെട്ടകം നിർമ്മിക്കാൻ നോഹയെ ഏർപ്പെടുത്തി. പ്രായം അധികം ആയതു നോക്കാതെ അധിക ഉത്തരവാദിത്വം 'അബ്രാഹത്തെ' ഏൽപിച്ചു. ഇസ്രായേൽ ജനതയുടെ മോശം സമയത്ത് മോശയെ വിളിച്ചു. കീടമായ (ചെറുത്) ദാവീദിന് കിരീടം നൽകി. പ്രവചനങ്ങൾ നൽകാൻ പ്രവാചകന്മാരെ ദൈവം തിരഞ്ഞെടുത്തു.

പുതിയ നിയമത്തിലേക്കു വരുമ്പോൾ 'മറിയം'. ''നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറും'' എന്ന പ്രവചനമുണ്ടായിട്ടും, ദൈവഹിതം ഹൃദയത്തിലും ഉദരത്തിലും വഹിക്കാൻ തയ്യാറായ ഒരു 'സ്ത്രീയുടെ' തിരഞ്ഞെടുപ്പ്. ദൈവപുത്രനുവഴിയൊരുക്കുവാൻ വന്ന യോഹന്നാൻ.

മനുഷ്യപുത്രൻ കൂടെ നടത്തിയതോ ചുങ്കസ്ഥലത്തും, കടൽതീരത്തും അലഞ്ഞു നടന്നവരെ. ഈശോയുടെ കണ്ണിൽപെട്ടത് വലകണ്ണി നന്നാക്കുന്നവരെ. കീശയിലെ ചുങ്കവും എളിയിലെ

വാളും അവിടുന്ന് തിരഞ്ഞെടുത്തപ്പോൾ പരിഗണിച്ചില്ല. രക്ഷാദൗത്യത്തിൽ ഒരു ആചാര്യനുപകരം ഒരു ആശാരിയെ തിരഞ്ഞെടുത്തു. കൊട്ടാരവും പരിവാരങ്ങളേയും ഒഴിവാക്കി തൊഴുത്തും പശുക്കളേയും തിരഞ്ഞെടുത്തു. ദൈവപുത്രനെ അയച്ചതും പട്ടണങ്ങളിലേക്കല്ല പട്ടിണികിടക്കുന്നവരുടെ അടുത്തേക്കാണ്. ഒരു മരപ്പണിക്കാരന്റെ വളർത്തുമകനായി ജനിച്ച് ഒരു മരക്കുരിശിൽ മരിക്കുന്നതുവരെ അവിടുന്ന് തിരഞ്ഞെടുത്തത് സാധാരണക്കാരിൽ സാധാരണക്കാരെ.

തിരക്കിലും തീരങ്ങളിലും തിരഞ്ഞുനടന്നപ്പോൾ ഈശോ കണ്ടെത്തിയത് മത്സ്യത്തിന്റെ ഗന്ധമുള്ളവനെയും, പണസഞ്ചിയിൽ ആകർഷിതനായവനെയും, ഒന്നു പറഞ്ഞ് രണ്ടാമത്തേതിന് കത്തിയെടുത്ത് വീശുന്നവനെയും. പ്രാർത്ഥിക്കുന്നതിലുപരി തർക്കിക്കുന്ന ശിഷ്യഗണം ഇതും തിരഞ്ഞെടുപ്പുകളുടെ ഒരു ഭാഗമാണ്. ഈശോയുടെ തിരഞ്ഞെടുപ്പുകളെല്ലാം അല്പം തിരക്കിട്ടതായിരുന്നില്ലെ എന്നു തോന്നും. പക്ഷേ അല്ല. തിരുഗ്രന്ഥത്തിലെ തിരഞ്ഞെടുപ്പുകളെല്ലാം നിർണ്ണായകമായിരുന്നു, നിർണ്ണയിക്കപ്പെട്ടതായിരുന്നു. ദൈവത്തിന്റെ കരവേലകളെല്ലാം കരുതലോടെയായിരുന്നു.

നാമോരോരുത്തരും ഈ തിരഞ്ഞെടുപ്പിന്റെ ഭാഗമാണ്. നാശത്തിലേക്കല്ല ക്ഷേമത്തിലേക്കാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. നാം ആയിരിക്കുന്ന സാഹചര്യം അതൊരു തിരഞ്ഞെടുപ്പാണ്. ദൈവം തിരഞ്ഞെടുത്തവരെ ആ യാത്ര പൂർത്തിയാകുന്നതുവരെ കാത്തുപാലിക്കും. സിംഹത്തിന്റെ വായിൽ നിന്നും ഭീകര മത്സ്യത്തിന്റെ ഉദരത്തിൽ നിന്നും പൊക്കിയെടുക്കും. ജീവിതയാത്രയിൽ ഉടനീളം ഉടലിൽ ഒടിവ് പറ്റാതെ, വീഴ്ചയിൽ വിങ്ങാതെ, പാതിവഴിയിൽ പതറാതെ ദൈവം കാക്കും. തിരഞ്ഞെടുക്കപ്പെട്ടവരെ തിരിഞ്ഞുനോക്കാൻ അനുവദിക്കില്ല. പ്രതിസന്ധികളുടെ അമ്പു കൊള്ളാൻ തമ്പുരാൻ സമ്മതിക്കില്ല. നാമെല്ലാം തിരഞ്ഞെടുക്കപ്പെട്ടവരാണ്. നാം ആയിരിക്കുന്ന ജോലി സാഹചര്യം പ്രേഷിത സാഹചര്യം അതെല്ലാം തിരഞ്ഞെടുപ്പാണ്. നാം ചെയ്യുന്ന ജോലി, സേവനം, ചെറുതാണെന്ന് കരുതരുത്. ഒന്നോർക്കുക മോശക്കു കൊടുത്തത് ഒരു വടിയാണ്. ദാവീദിന് കവണ, യൗസേപ്പിതാവിനു ഒരു സ്വപ്നം.

ദൈവത്തിന്റെ വിളിക്ക് കാത്തുനിൽക്കുക. കൂടുതൽ ഉത്തരവാദിത്വങ്ങൾ നമ്മിൽ നിഷിപ്തമാകും! തീർച്ച!



# Friendship

Curls all cropped and eyes all dreaming
Little Lyra can't stop leaping
Fly me Sara huffle puffle poff
Let none stop me when I blast off
Calm down sister down you come
Cease your flights of rumpumpum
Just one swirl and just one curl
And you little one be a whirling girl

Lost are days she twist my curls
Lost are days I smarted my swirls
My long lost sis left a long lasting bliss
Of a friendly list but no goodbye kiss
She taught me love and loved me well
Now the lady's lost and I can't tell
What was friendship? I've lost her smell
But all the world for her I'll sell
Why this shimmer in my eyes
When none can tell what really lies
In ways that hurt so badly good
When love enters like the root of wood

I'll still curl and hug me tight
To the trouble's end I'll stay and fight
O long lost friend my sis my light
Camouflage me no worse can sight
Curls all cropped and eyes all dreaming
Little Ella can't stop leaping
She's my first I'll fly her through

**Bro Manu Francis CMI**

"Love God, serve God; everything is in that." St. Clare of Assisi



Hosana





Oottunercha











Year of Hunger Inauguration



Way of the Cross (STY)









Summer Blast







Krupalaya Outing



Way of the Cross Video Recording (Mathruvedhi)



Mathruvedhi Seminar



Altar Boys



SPF Meeting



STY Inauguration



Holy Week Retreat



Forane Priest Conference



# ഇടവക വാർത്തകൾ

## മാതൃവേദി - അഖണ്ഡ ജപമാല



മാതൃവേദിയുടെ നേതൃത്വത്തിൽ മാർച്ച് 5–ാം തിയതി രൂപതയിൽനിന്ന് മാതാവിന്റെ തിരുസ്വരൂപം നമ്മുടെ ഇടവകയിൽ കൊണ്ടുവന്ന് പ്രതിഷ്ഠിക്കുകയും, തുടർന്ന് 10 ദിവസം രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ അഖണ്ഡജപമാല നടത്തുകയും ചെയ്തു. മാർച്ച് 5 -ാം തിയതി ശനിയാഴ്ച ഉച്ച തിരിഞ്ഞ് 2.30 ന് ഹുളിമാവ് സാന്തോം പള്ളിയിൽ നിന്ന് ഡയറക്ടർ ബഹു. ഫാ. ജിത്തു തൊട്ടിയിൽ അച്ചന്റെ നേതൃത്വത്തിൽ മാതൃവേദി ഭാരവാഹികൾ കൊണ്ടുവന്ന തിരുസ്വരൂപം വികാരിയും, അസി. വികാരിയും, ട്രസ്റ്റിമാരും, മാതൃവേദി അംഗങ്ങളും, മറ്റ് ഇടവകാംഗങ്ങളും ചേർന്ന് സ്വീകരിച്ചു. മാതൃസ്തുതികളുടേയും പ്രാർത്ഥനകളുടേയും അകമ്പടിയോടെ തിരുസ്വരൂപം ദേവാലയത്തിലേക്ക് ആനയിച്ച് പതിഷ്ഠിച്ചു. തുടർന്നുള്ള 10 ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ അമ്മമാരുടെ നേതൃത്വത്തിൽ അഖണ്ഡജപമാല നടത്തുകയും മാർച്ച് 15 –ാം തിയതി വൈകുന്നേരം 3.30 ന് ആഘോഷമായ ജപമാല പ്രദക്ഷിണത്തിനുശേഷം മാതാവിന്റെ തിരുസ്വരൂപം ഡബിൾ റോഡ്, സെന്റ് അൽഫോൻസ ചർച്ചിലേക്ക് കൊണ്ടുപോകുകയും ചെയ്തു.

## പ്രാർത്ഥനാ ശുശ്രൂഷ

ഈ വർഷം Board Exam എഴുതുന്ന 10–ാം ക്ലാസ്സിലെയും 12–ാം ക്ലാസ്സിലെയും വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്കും അവരുടെ മാതാപിതാക്കൾക്കുമായി മാർച്ച് 20–ാം തിയതി ഞായറാഴ്ച 11 മണിയുടെ വിശുദ്ധ കുർബ്ബാനയ്ക്കുശേഷം ഒരു പ്രാർത്ഥനാശുശ്രൂഷ നടത്തി. Annual Exam എഴുതുന്ന മറ്റ് ക്ലാസ്സുകളിലെ വിദ്യാർത്ഥി/വിദ്യാർത്ഥിനികളും മാതാപിതാക്കളും ഈ ശുശ്രൂഷയിൽ പങ്കെടുത്തു.

## ജന്മദിനം, നാമഹേതുക തിരുനാൾ

മാർച്ച് 5–ാം തിയതി നമ്മുടെ പ്രിയ ബഹു. അസി. വികാരി ലിജോ അച്ചന്റെ ജന്മദിനവും മാർച്ച് 19 ന് ബഹു. അസി. വികാരി ജിത്തു അച്ചന്റെ നാമഹേതുക തിരുനാളും ആയിരുന്നു. ഇരുവർക്കും ഇടവക കുടുംബത്തിന്റെ ആശംസകൾ.

## വാർഡ് പ്രാർത്ഥനാകൂട്ടായ്മകൾ

വാർഡ് പ്രാർത്ഥനാകൂട്ടായ്മകൾ കോവിഡ് ഇടവേളകൾക്കുശേഷം വീണ്ടും സജീവമായി വരുന്നു.

## ഊട്ടുതിരുനാൾ



വിശുദ്ധ യൗസേപ്പിതാവിന്റെ ബഹുമാനാർത്ഥം വർഷംതോറും ഇടവകദേവാലയത്തിൽ നടത്തിവരുന്ന ഊട്ടുതിരുനാൾ മാർച്ച് 20 -ാം തിയതി ഞായറാഴ്ച ആചരിച്ചു. വൈകിട്ട് 6 മണിയുടെ വിശുദ്ധ കുർബ്ബാനയോടെ തിരുക്കർമ്മങ്ങൾ ആരംഭിക്കുകയും ഏകദേശം 3500 ഓളം പേർ ഊട്ടുനേർച്ചയിൽ പങ്കെടുക്കുകയും ചെയ്തു.

## ഫൊറോനാ വൈദിക സമ്മേളനം

സെന്റ് തോമസ് ഫൊറോനയുടെ കീഴിലുള്ള ഇടവകകളിലേയും ദിവ്യകാരുണ്യ കേന്ദ്രങ്ങളിലേയും വികാരിമാരുടേയും അസി. വികാരിമാരുടേയും സമ്മേളനം മാർച്ച് 17 ന് ഡബിൾ റോഡ് സെന്റ് അൽഫോൻസ പള്ളിയിൽ വച്ച് നടത്തി. ഒരു മണിക്കൂർ ആരാധനയ്ക്കുശേഷം റവ. ഫാ. ജിപ്സൺ എടപ്പുളവൻ സന്ദേശം നൽകി. സ്നേഹവിരുന്നോടുകൂടിസമ്മേളനംസമാപിച്ചു.

## SUMMER BLAST

4 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് വേണ്ടി സമ്മർ ക്യാമ്പ്– SUMMER BLAST ഏപ്രിൽ 5 -ാം തിയതി മുതൽ 9–ാം തിയതി വരെ രാവിലെ 9




മണി മുതൽ വൈകുന്നേരം 4 മണി വരെ പാരീഷ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ വച്ച് നടത്തി. പ്രധാനമായും മലയാള പഠനം ലക്ഷ്യമാക്കിയുള്ള ക്യാമ്പിൽ കുട്ടികളുടെ വ്യക്തിത്വ വികസനത്തിനുതകുന്ന ക്രിയാത്മകമായ പരിപാടികളും ആസൂത്രണം ചെയ്തിരുന്നു. 200 ഓളം കുട്ടികൾ പങ്കെടുത്ത ക്യാമ്പ് നയിച്ചത് ധർമ്മാരാമിലെ ബഹുമാനപ്പെട്ട ബ്രദേഴ്സ് ആണ്.

## കുരിശിന്റെ വഴി

നോമ്പുകാലത്ത് ഞായറാഴ്ചകളിൽ വൈകുന്നേരം 5.30 ന് ദേവാലയത്തിനുള്ളിലും വെള്ളിയാഴ്ചകളിൽ 6 മണിയുടെ കുർബാനയ്ക്കു ശേഷം ദേവാലയത്തിനുചുറ്റും കുരിശിന്റെ വഴി നടത്തുകയുണ്ടായി. നേതൃത്വം നൽകിയ ബഹു. സിസ്റ്റേഴ്സിനും, വാർഡ് പ്രതിനിധികൾക്കും സാന്തോം ക്വയറിനും നന്ദി.

> "Give something, however small, to the one in need. For it is not small to one who has nothing. Neither is it small to God, if we have given what we could."
> St. Gregory Nazianzen

## വിശുദ്ധവാര ധ്യാനം

ഈശോയുടെ പീഡാനുഭവ - കുരിശുമരണ - ഉത്ഥാനങ്ങളുടെ ഓർമ്മകളിലൂടെ കടന്നുപോയ വിശുദ്ധവാരത്തിൽ ബഹു. ഫാ. അജി കപ്യാരുമലയിൽ സി.എസ്.സി. നയിച്ച ധ്യാനം ഇടവകാംഗങ്ങളുടെ ജീവിതവിശുദ്ധീകരണത്തിനും പരിചിന്തനത്തിനും സഹായകരമായി. ഏപ്രിൽ 11, 12, 13 തിങ്കം, ചൊവ്വ, ബുധൻ ദിവസങ്ങളിൽ വൈകുന്നേരം 5 മണിക്ക് ജപമാല, തുടർന്ന് വിശുദ്ധ കുർബ്ബാന, ധ്യാനം, കുമ്പസാരം എന്നിവയിൽ ഇടവകജനങ്ങരം ഭക്തിപൂർവ്വം പങ്കുചേർന്നു. രാവിലെ 10 മണി മുതൽ വിശുദ്ധ കുർബ്ബാന എഴുന്നെള്ളിച്ച് വച്ച് നിശബ്ദ ആരാധനയും ഉണ്ടായിരുന്നു.

## ഓശാന ഞായർ

ഓശാനഞായറാഴ്ചയിലെ തിരുക്കർമ്മങ്ങരം രാവിലെ 6.30 ന് കുരുത്തോല വെഞ്ചരിപ്പോടെ പാരീഷ്ഹാളിൽ ആരംഭിച്ചു. ഈശോയുടെ ജറുസലേം പട്ടണത്തിലേക്കുള്ള പ്രവേശനത്തിന്റെ അനുസ്മരണമുണർത്തി കുരുത്തോലകളേന്തിയുള്ള പ്രദക്ഷിണം ദേവാലയത്തിൽ പ്രവേശിച്ചു. വികാരിറവ.ഫാ.സിറിയക്മഠത്തിൽസി.എം.ഐ. ഓശാനഞായർ തിരുക്കർമ്മങ്ങരംക്ക് നേതൃത്വം നൽകി. രൂപതാചാൻസലർ റവ. ഫാ. ജോമോൻ കോലഞ്ചേരി സി.എം.ഐ. തിരുവചനസന്ദേശം നൽകി.

## ഭവന വെഞ്ചരിപ്പ്

സെന്റ് ജോസഫ്സ് ആഡുഗോഡി, സെന്റ് ജോസഫ്സ് ലക്കസാന്ദ്ര, ഡോൺബോസ്കോ മഡിവാള, സെന്റ് ജോൺസ് വാർഡുകളുടെ ഭവനവെഞ്ചരിപ്പ് പൂർത്തിയായി. മറ്റ് വാർഡുകളിലെ ഭവനവെഞ്ചരിപ്പ് കൗൺസിലേഴ്സ് ആവശ്യപ്പെടുന്നതിനനുസരിച്ച് നടത്തുന്നതാണ്.

## മറിയത്തിന്റ വിമല ഹൃദയത്തിനുള്ള സമർപ്പണം

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയുടെ ആഹ്വാന പ്രകാരം മാർച്ച് 25 - ാം തിയതി സഭയെയും, കുടുംബങ്ങളേയും, മുഴുവൻ മനുഷ്യരാശിയേയും, പ്രത്യേകിച്ച് റഷ്യയെയും ഉക്രൈയ്നെയും മാതാവിന്റെ വിമലഹൃദയത്തിന് സമർപ്പിച്ച് പ്രാർത്ഥിച്ചു. ദേവാലയത്തിൽ വൈകുന്നേരത്തെ വി. കുർബാനക്കുശേഷവും കുടുംബങ്ങളിൽ സന്ധ്യാപ്രാർത്ഥനാ വേളയിലും പ്രത്യേക പ്രാർത്ഥന നടത്തി.

## മലയാളം മിഷൻ



മലയാളം മിഷൻ കർണാടക ചാപ്റ്റർ സൗത്ത് സോൺ അധ്യാപക സംഗമം മാർച്ച് 2 - ാം തിയതി ധർമ്മാരാം പഠനകേന്ദ്രത്തിൽ വച്ച് നടന്നു.

## ബാഡ്മിന്റൻ ടൂർണമെന്റ് ജേതാക്കരം



സുൽത്താൻ പാളയ സെന്റ് അൽഫോൻസ പള്ളി പിതൃവേദിയുടെ നേതൃത്വത്തിൽ നടത്തിയ രൂപതാ തല ബാഡ്മിന്റൻ ടൂർണമെന്റിൽ നമ്മുടെ ഇടവകയിലെ ജെയ്സൺ കെ.ഡി., പൗലോസ് കെ.ടി. (സന്തോഷ്) ടീം രണ്ടാം സ്ഥാനം കരസ്ഥമാക്കി. അഭിനന്ദനങ്ങരം!

## പ്രാർത്ഥനാശംസകരം

നമ്മുടെ ഇടവകയിൽ ശുശ്രൂഷ ചെയ്ത് ഏപ്രിൽ 4 ന് ഡീക്കൻപട്ടം സ്വീകരിച്ച **Bro. Jerin** നും സബ് ഡീക്കൻ പട്ടം സ്വീകരിച്ച **Bro. Dawny, Bro. Tamson, Bro. Nibin** എന്നിവർക്കും ഇടവകാംഗങ്ങളുടെ പ്രാർത്ഥനാശംസകരം!

## ബൈബിരം വായനയും കാഴ്ചസമർപ്പണവും

വാർഡടിസ്ഥാനത്തിൽ വർഷംതോറും ഞായറാഴ്ചകളിൽ വിശുദ്ധ കുർബ്ബാനമദ്ധ്യേ നടത്തി വന്നിരുന്ന ബൈബിരം വായനയും കാഴ്ചസമർപ്പണവും കോവിഡ്-19 ഇടവേളയ്ക്കുശേഷം പുനരാരംഭിച്ചു. ഒക്ടോബർ മാസം വരെ ഓരോ ഞായറാഴ്ചയും 7.15 ന്റെ വിശുദ്ധ കുർബ്ബാന മദ്ധ്യേ ആയിരിക്കും ബൈബിരം വായനയും കാഴ്ചസമർപ്പണവും നടത്തുക.

**Wards & Associations allotment for Bible Reading and Offertory**
**On Sunday 7.15 am Holy Qurbana**

| Date | Ward / Associations |
|---|---|
| **March** | |
| 27 | Holy Trinity Ward |
| **April** | |
| 3 | St. Jude Ward, BTM |
| 24 | CML, Catechism |
| **May** | |
| 1 | St. Vincent De Paul Society |
| 8 | St. Alphonsa Ward |
| 15 | St. Christopher Association |
| 22 | St. Xavier's Ward |
| 29 | St. Thomas Ward & Altar Boys |
| **June** | |
| 5 | St. Paul's Ward, Chikkadugodi |
| 12 | St. Chavara Ward, Maruthinagar |
| 19 | St. Mary's Ward, Thavarakere |
| 26 | Don Bosco Ward, Madiwala |
| **July** | |
| 3 | Mathruvedi |
| 10 | Holy Family Ward |
| 17 | Sacred Heart Ward, J. P. Nagar |
| 24 | St. Johns Ward, Legion of Mary & Senior Citizen Forum |
| 31 | Santhome Professional Forum |
| **August** | |
| 7 | St. Sebastian's Ward |
| 14 | St. Thomas Youth |
| 21 | St. George's Ward, Wilson Garden, St. .Joseph's Ward, Lakkasandra |
| 28 | St. Mariam Thresia Ward |
| **September** | |
| 4 | Infant Jesus' Ward, Jayanagar |
| 11 | Santhome Choir |
| 18 | St. Joseph's Ward, Adugodi; St. Francis Assisi Ward |
| 25 | Pithruvedi |
| **October** | |
| 2 | St. Chavara Association |

# STY
# St Thomas Youth

## Way of the Cross



The Season of Lent is a season of repentance, love, transformation and penance.

The youth of St. Thomas Church has taken



the initiative to walk the Way of the Cross, every Saturday till the end of lent.

## Inter - Parish Sports meet

The Pallottine Youth for Jesus had organized an Inter - Parish Sports meet on the 3rd of April. This sports meet had Basketball, Badminton and Football events. Our St Thomas youth had represented our church for all the events and secured

1st Place in Badminton Mens (Singles)
1st Place in Badminton Mens (Doubles)
1st Place for Basket Ball
And entered the Semi Finals for Football.





## Fiesta 2022



Our first General Body Meeting (Fiesta 2022) took place on the 3rd of April 2022.

We were graced with the presence of Mr Jillesh Joseph (Founder of Time and Me) who shared his story of how the Lord leads a way for all no matter what the situation may be. We had a great time with some fun activities, sharing along with inauguration for SPF members into the youth.

## Ordinations



Our beloved Brothers had their Ordinations for Deacon and Sub Deacon on the 4th of April 2022.

Bro. Jerin was ordained Deacon and Bro. Tamson, Bro. Dawny, Bro. Nibin were ordained Sub Deacons.

We wish and pray that the Lord may bestow his grace on you, that you may light up this world with your love and prayers throughout your life

## St Thomas Youth (STY) General Body

General Body meeting and the election of new office bearers for the year 2022-2023 of St Thomas Youth was held on 13th of March 2022. Youth director Fr Jithu Thottiyil as Chief Election officer, the following persons were elected as new Core committee members.

President: Anjal Augustin - 7411946141



Secretary: Jisna Mary Joseph
Treasurer: Abhilash P M
Vice President: Glory C
Joint Secretaries:
Anlin Assisi Akkara, Selin Mary S M
Councilors: Rimson Rajan,
Shriya Merin James
Spiritual Coordinators:
Thomas Siby, Anna Anamika Joseph
Cultural Coordinators: Donel K Jaison,
Ashly Johnson

Incharge brothers, Br Tony, Br Jerry, Br Tampson and Youth Animator, Sr Meena assisted during elections. Congratulations to the newly elected core committee team for the year 2022-23.



### Advertisement in Santhome Messenger

അടുത്ത സാന്തോം മെസഞ്ചറിൽ പരസ്യങ്ങൾ നൽകാൻ താത്പര്യം ഉള്ളവരും; ജന്മദിനം, വിവാഹം, വിവാഹ വാർഷികം, ചരമ വാർഷികം തുടങ്ങിയവയുടെ ഫോട്ടോ ഉൾപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവരും മെയ് 25നകം ഇടവക ഓഫീസിൽ ഏൽപിക്കുക.

Parishioners have the opportunity to include Photos of Birthdays, Marriage, Wedding Anniversary, Death Remembrance, Advertisements etc. for the next Santhome Messenger. Submit the above in the office before 25th of May.

# CATECHISM CORNER

## Congratulations!

Joju Jacob, Catechism teacher of our Parish indeed deserve our appreciation. Under the guidance and leadership of Mandya Diocese he rendered his valuable service in teaching English online Catechism for the students of 9th grade through a very creative method. As it was noted as a praise worthy spiritual activity, a program was held



in St Thomas Mount, Kakkanad to felicitate all who were involved in catechism teaching and they were awarded with certificates as well. Sir Joju was one among them who were awarded. We extend our appreciation and Congratulations to Sir.

## Catechism 12th STD Students' Farewell

A grand farewell was arranged for Catechism students of class12th on Saturday 5th March. Rev. Fr Cyriac Madathil CMI was the Chief guest. Rev. Fr Lijo Thekkanath CMI, Director of Catechism presided over the meeting. A Prayer session was led by Jibin Sir of 12th



Std. Principal Saji Sir, gave an inspirational message. Fr Vicar, Fr Jithu and Fr Jomon blessed the outgoing students. A skit was performed by the 11th std students. 12 students from this batch joined our catechism team as helping staff. The meeting ended with dinner. 200 members including parents attended the programme.



Orientation for New Staff

**Upcoming Events:**

**April 24 Sun**
പുതുഞായർ (Puthu Njayar)

**May 1 Sun**
മാതാവിന്റെ വണക്കമാസം ആരംഭം

# ഓർത്തിരിക്കാൻ

### ഭവന വെഞ്ചരിപ്പ്

ഇടവകയിൽ വർഷംതോറും നടത്താറുള്ള ഭവനവെഞ്ചരിപ്പ് വാർഡ് അടിസ്ഥാനത്തിൽ മാർച്ച് 31-ാം തിയതി ആരംഭിച്ചു. ഇടവകാതിർത്തിയിൽ താമസിക്കുന്ന, ഇടവകയിൽ ചേർന്നിട്ടില്ലാത്തവർ എത്രയും വേഗം ചേരുകയും വാർഡ് കൗൺസിലേഴ്സിന്റെ കയ്യിൽ പേര് വിവരം കൊടുക്കേണ്ടതുമാണ്.

### പാരിഷ് ഗ്രൂപ്പ് മെഡിക്കൽ ഇൻഷുറൻസ്

ഇടവകയിലെ ഗ്രൂപ്പ് മെഡിക്കൽ ഇൻഷുറൻസിൽ ചേരാൻ പാരീഷ് ഓഫീസിൽ സൗകര്യം ഉണ്ടായിരിക്കും. അംഗങ്ങളും പുതിയതായി ചേരുവാൻ ആഗ്രഹിക്കുന്നവരും ഈ അവസരം ഉപയോഗപ്പെടുത്തുക.

### Parish Membership & Youth Identity Card

സ്വന്തം ഇടവകയുടെ പുറത്ത് 6 മാസത്തിൽ അധികം താമസിക്കുന്ന എല്ലാ സീറോ മലബാർ സഭാംഗങ്ങളും അവരവർ താമസിക്കുന്ന സ്ഥലങ്ങളിലുള്ള സീറോ മലബാർ ഇടവക പള്ളിയിൽ പേര് ചേർക്കേണ്ടതാണ്. ഇടവക സംബന്ധമായും കൂദാശകൾ സംബന്ധമായും വേണ്ട അനുവാദത്തിനുള്ള എഴുത്തുകൾ ലഭിക്കുന്നതിന് ഇടവകയിലെ അംഗത്വവും, പ്രത്യേകിച്ച് യുവജനങ്ങൾക്ക് വിവാഹത്തിന് വേണ്ട Free State Certificate ഉം Youth Identity Card ഉം നിർബന്ധമാണ്. ഈ ഇടവകയിൽ പേര് ചേർത്തിട്ടുള്ള എല്ലാ യുവജനങ്ങളും ഏതെങ്കിലുമൊരു യുവജനസംഘടനയിൽ അംഗത്വമെടുക്കുകയും മീറ്റിംഗുകളിൽ പങ്കെടുത്ത് നൽകിയിരിക്കുന്ന യൂത്ത് ഐഡന്റിറ്റി കാർഡിൽ അച്ചൻമാരുടേയോ ബ്രദർ ഇൻ ചാർജിന്റെയോ ഒപ്പ് രേഖപ്പെടുത്തേണ്ടതുമാണ്.

### Fiat Mission

ബൈബിൾ അച്ചടിക്കുന്നതിനായി, Fiat Mission, ഉപയോഗിച്ച നോട്ടുപുസ്തകങ്ങളും ന്യൂസ്പേപ്പറുകളും ശേഖരിക്കുന്നു. കുട്ടികളുടെ ഉപയോഗിച്ച നോട്ടുപുസ്തകങ്ങളും ന്യൂസ്പേപ്പറുകളും പുതിയ ബ്ലോക്കിൽ വച്ചിരിക്കുന്ന പെട്ടിയിൽ നിക്ഷേപിക്കാവുന്നതാണ്.

### Santhome Kinder

Santhome Kinder ൽ 2022-23 സ്കൂൾ വർഷത്തേക്കുള്ള Play School, Nursery, LKG, UKG അഡ്മിഷനുകൾ ആരംഭിച്ചിരിക്കുന്നു. അഡ്മിഷന് താത്പര്യമുള്ളവർ എത്രയും വേഗം പാരീഷ് ഓഫീസിൽ contact ചെയ്യുക.

### Garden City Matrimonial

സീറോ മലബാർ സഭയുടെ ഔദ്യോഗിക മാട്രിമണി സൈറ്റിനോട് ചേർന്ന് മണ്ഡ്യ രൂപതക്കുവേണ്ടി GARDEN CITY MATRIMONIAL എന്ന പേരിൽ വെബ്സൈറ്റ് ആരംഭിച്ചിരിക്കുന്നു. എല്ലാ സീറോ മലബാർ രൂപതകളേയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഈ MATRIMONIAL സൈറ്റ് വിവാഹിതരാകാൻ പോകുന്നവർക്ക് സഹായകരമായിരിക്കും. വിശദവിവരങ്ങൾക്ക് Family Apostolate വെബ്സൈറ്റ് കാണുക.

### വാർഡ് കൗൺസിലേഴ്സ് സംഘടനാ ഭാരവാഹികൾ

2022 – 23 വർഷത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട വാർഡ് കൗൺസിലേഴ്സിന്റേയും സംഘടനാ ഭാരവാഹികളുടേയും പേരും ഫോൺ നമ്പറും പാരീഷ് ഓഫീസിൽ കൊടുക്കേണ്ടതാണ്.

## First Anniversary in Heaven

D.O.D: 27 March 2021



**P P Joseph**

"For if we live, we live to the Lord, and if we die, we die to the Lord.
So then, whether we live or whether we die, we are the Lord's." [Romans 14:8]

With prayers,

**Sorrowful Family**

# Mangalya

BETTER TOGETHER

## Be A Guest At Your Own Event

CONTACT US FOR CATERING AND EVENT DECORATION

8050516630 | 9880617261








**A Mission Home**

One Family
One Missionary
Prayer Programme

Account Details

**In India**

ACC NAME : GENERALATE OF CMI CONGREGATION
SOUTH INDIAN BANK, KAKKANAD BRANCH

**For Abroad**

Acc Name : CMI Dormagen
Keyword: CMI Mission

Please send your valuable information and suggestions.

Chief Editor, CMission
CMI Prior General's House
Department for Evangelization and Pastoral Ministry
Chavara Hills, Kakkanad,
Post Box 3105, Kochi 682 030 Kerala, India
http://www.cmi.org/

Your Name ____________
Adress ____________
____________
Mail ID ____________

# MEAT THE FISH

FRESH SEA FOOD AT AN AFFORDABLE PRICE



## PREMIUM

# SEAFOOD & CHICKEN

Tuna I Prawns I Tilapia I Basa I Pomfret I Kingfish
Squid Rings I Duck I Mutton & Much More

FREE DELIVERY
08590139910

WHATSAPP US
08590139910

KGN Complex, Shop #7, 4th Cross, 2nd Block, Hosur Main Road, Madiwala, Bengaluru - 560068








T&C apply

An elegant assortment of

# Timeless jewellery

BIS 916 Halmarked and certified diamond

*Visit our stores today!*

Alice

*Scan for our Instagram page*

**Bangalore #50 Dispensary Road**
**#218/1 Kammanahalli Main Road | #15/1 Dickenson Road**
**Ph: 08025582113 / 9036724663**